# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ
# സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും
# റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 ആഗസ്റ്റ് 6-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ**

**സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും**

**റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | 5 |
| 2. റിപ്പോർട്ട് | .. | 7 |
| 3. അനുബന്ധം : | | |
| (I) വിയോജനക്കുറിപ്പ് | .. | 11 |
| (II) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 13 |

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ )
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി. എൻ. വാസവൻ,
സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് )

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ച 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (ബിൽ നമ്പർ 3) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും, അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ 2021 ജൂൺ 9-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 ജൂൺ 10-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും 2021 ആഗസ്റ്റ് 5-ാം തീയതി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX എന്നിവയുടെ സംയുക്ത പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2021 ആഗസ്റ്റ് 5-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>1-ാം ഖണ്ഡം</u>

(എ) 1-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>— (1) ഈ ആക്ടിന് 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

<u>2-ാം ഖണ്ഡം</u>

ബില്ലിലെ 2-ാം ഖണ്ഡം (1)-ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (xviii എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(xviii എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ

പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി നല്കുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

<u>വിശദീകരണം:</u>—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ് ."

<u>3-ാം ഖണ്ഡം</u>

(എ) ബില്ലിലെ 3-ാം ഖണ്ഡം (1) ാം ഉപഖണ്ഡപ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 2-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (18 എ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(18 എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജ കാര്യക്ഷമത പരമാവധി നൽകുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാക്കുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

<u>വിശദീകരണം</u>:—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്."

(ബി) 3-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത്:—

"4. <u>സാധൂകരണം</u>.—(1) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281-ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽ തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്ന വെന്നപോലെ ബന്ധപ്പെട്ട ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്റ്റുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്റ്റുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്."

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

കെ. എൻ. ബാലഗോപാൽ,

*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2021 ആഗസ്റ്റ് 5.

<u>അനുബന്ധം I</u>

## വിയോജനക്കുറിപ്പ്

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലൂടെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലും ഹരിത കെട്ടിടങ്ങൾ എന്ന നിർവ്വചനം ഉൾപ്പെടുത്തിയിരിക്കുന്നു. പരിസ്ഥിതി സൗഹൃദമായ കെട്ടിടങ്ങൾക്ക് ഒറ്റത്തവണ കെട്ടിട നികുതിയിൽ 50% ഇളവ് അനുവദിക്കുന്നതിനാണ് ഇപ്രകാരമൊരു ഭേദഗതി വരുത്തുന്നത്. ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും ഹരിത കെട്ടിടം എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ വൻകിട നിർമ്മാതാക്കൾക്ക് ക്രമവിരുദ്ധമായി നികുതിയിളവ് അനുവദിക്കുവാൻ ഇത് ദുരുപയോഗം ചെയ്യപ്പെടുവാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ഹരിത കെട്ടിടങ്ങളുടെ പേരിൽ നികുതി ഇളവ് നൽകുന്നത് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ബില്ലിൽ തന്നെ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

ജി. എസ്. ടി. നടപ്പാക്കിയതിലൂടെ വിനോദ നികുതി നഷ്ടപ്പെട്ടതിനാലും സാമ്പത്തിക പ്രതിസന്ധിമൂലം പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും വെട്ടിക്കുറച്ചതിനാലും വെള്ളപ്പൊക്ക, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മൂലവും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധാരണ ജനങ്ങളെ ബാധിക്കാത്ത രീതിയിൽ വരുമാനം ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. മേൽപ്പറഞ്ഞ കാര്യങ്ങളാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

റോജി എം. ജോൺ (ഒപ്പ്)

പി. ഉബൈദുള്ള (ഒപ്പ്)

ടി. ജെ. വിനോദ് (ഒപ്പ്)

## അനുബന്ധം II

# 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[വരത്ത് വരച്ചത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

## 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.— 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടും (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടും (1994-ലെ 20) വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും:—(1) ഈ ആക്ടിന് 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 13-ാം ആക്ടിന്റെ ഭേദഗതി.— 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13),—

(1) 2-ാം വകുപ്പിൽ, (xviii) -ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

" (xviii എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം,

റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജകാര്യക്ഷമത പരമാവധി നല്കുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാകുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

<u>വിശദീകരണം</u>:— ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ് .";

(2) 203-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ, (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(vi എ) 2-ാം വകുപ്പ് (xviii എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം.".

3. <u>1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി</u>.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20),—

(1) 2-ാം വകുപ്പിൽ, (18)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(18 എ) 'ഹരിത കെട്ടിടം' എന്നാൽ ഊർജ്ജം, ജലം, മറ്റ് വിഭവങ്ങൾ എന്നിവയുടെ ഉപയോഗത്തിൽ കാര്യക്ഷമമായതും, പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മലിനീകരണം കുറയ്ക്കുന്നതും, മാലിന്യ ഉത്പാദനം കുറയ്ക്കുന്നതും, മാലിന്യങ്ങളുടെ വേർതിരിക്കൽ, പുനരുപയോഗം, റീസൈക്ലിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതും, ഊർജ്ജ കാര്യക്ഷമത പരമാവധി

നൽകുന്നതും, പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതും, അധിവസിക്കുന്നവർക്ക് ആരോഗ്യകരമായ ഇടങ്ങൾ നൽകുന്നതും, ഉയർന്ന പാരിസ്ഥിതിക നിലവാരം പുലർത്തുന്നതും, രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം, നവീകരണം, ജീവിത ചക്രം എന്നീ തലങ്ങളിൽ പരിസ്ഥിതി, അധിവസിക്കുന്നവരുടെ ജീവിതമേന്മ എന്നിവ പരിഗണിക്കുന്നതും വിഷരഹിതവും നൈതികവും നിലനിൽക്കുന്നതുമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും, മാറുന്ന പരിസ്ഥിതിക്ക് അനുരൂപമാകുന്നതും, സുസ്ഥിരമായ ഒരിടത്തിൽ നിർമ്മിച്ചിരിക്കുന്നതും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിൽ രൂപകൽപ്പനയോ നിർമ്മാണമോ നടത്തിയിരിക്കുന്നതുമായ കെട്ടിടം എന്നർത്ഥമാക്കുന്നു:

എന്നാൽ സർക്കാരിന് കാലാകാലങ്ങളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളെ ഹരിത കെട്ടിടങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്.

വിശദീകരണം:—ഏതൊരു വിനിയോഗ ഗണത്തിലുള്ള കെട്ടിടവും 'ഹരിത കെട്ടിടം' എന്നതിന്റെ നിർവ്വചനത്തിൽ വരാവുന്നതാണ്." ;

(2) 233-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിലെ (vi)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(vi എ) 2-ാം വകുപ്പിൽ (18 എ) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഹരിത കെട്ടിടം".

4. സാധൂകരണം.—(1) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (പതിനാലാം കേരള നിയമസഭയുടെ 281 -ാം നമ്പർ ബിൽ) (ഇതിനുശേഷം പ്രസ്തുത ബിൽ എന്നാണ് പരാമർശിക്കപ്പെടുക) കാലഹരണപ്പെടുകയും പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾക്ക് നിയമപ്രാബല്യം ഇല്ലാതായിത്തീരുകയും ചെയ്തിരുന്നാൽ തന്നെയും പ്രസ്തുത ബിൽ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലോ (1994-ലെ 13) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ അനുസരിച്ച് 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴുമോ പ്രസ്തുത ഭേദഗതികളെല്ലാം പ്രസക്തമായ എല്ലാ കാലങ്ങളിലും പ്രാബല്യത്തിലുണ്ടായിരുന്നുവെന്നപോലെ ബന്ധപ്പെട്ട ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം സാധുവായും ഫലപ്രദമായും ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ബില്ലിലെ പ്രഖ്യാപിത വ്യവസ്ഥകൾ നിലവിലുണ്ടായിരുന്ന 2021 ഏപ്രിൽ 1-ാം തീയതി മുതൽ 2021 ജൂൺ 9-ാം തീയതി വരെയുള്ള കാലയളവിൽ, ബന്ധപ്പെട്ട ആക്റ്റുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ബന്ധപ്പെട്ട ആക്റ്റുകൾ പ്രകാരം സാധുവായി ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, **എസ്. വി. ഉണ്ണികൃഷ്ണൻ നായർ,**
തിരുവനന്തപുരം, *സെക്രട്ടറി.*
2021 ആഗസ്റ്റ് 5.